## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2100** **11/03/2020 ൽ മറുപടിക്ക്**

## സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോജി എം. ജോൺ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) വ്യവസായ വകുപ്പിന് കിഴിൽ പ്രവർത്തിയ്ക്കുന്ന സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന ബാംബൂ കോർപ്പറേഷന് ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി ധാരാളം സാധ്യതകളുണ്ടെങ്കിലും സാമ്പത്തികമായ പ്രതിസന്ധിയുള്ളതിനാൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ സാധിയ്ക്കുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലം മുതലുള്ള സ്റ്റാറ്റ്യൂട്ടറി പെയ്മെന്റുകൾ അടയ്ക്കാനുള്ളത് കോർപ്പറേഷനെ ബാധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പിരിഞ്ഞുപോയ തൊഴിലാളികളുടേയും ജീവനക്കാരുടേയും ഇ.പി.എഫ് , ഗ്രാറ്റുവിറ്റി, ടെർമിനൽ സറണ്ടർ മുതലായവയുടെ കേസുകളും നിലനിൽക്കുകയാണ്. ഈറ്റ പനമ്പ് - നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഈറ്റ നൽകുന്നതിലൂടെയുള്ള നഷ്ടം പരിഹരിയ്ക്കുന്നതിനു കോർപ്പറേഷന് കഴിയുന്നില്ല. ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പണം കോർപ്പറേഷൻ തന്നെ കണ്ടെത്തണം. എന്നിരുന്നാലും പുതിയ പദ്ധതികൾ നടപ്പിലാക്കി കോർപ്പറേഷനെ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം കേന്ദ്ര ബാംബൂ മിഷൻ മുമ്പാകെ എന്തെങ്കിലും പദ്ധതികൾ ബാംബൂ കോർപ്പറേഷൻ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ടോ; | (ബി) | പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ സംസ്ഥാന ബാംബൂ മിഷൻ വഴി 50 കോടി രൂപയുടെ പദ്ധതികൾ നാഷണൽ ബാംബൂ മിഷന് സമർപ്പിക്കുകയും അതിൽ 25.41 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കോർപ്പറേഷന്റെ കീഴിലുള്ള നല്ലളം ഹൈടെക് ഫ്ലോറിംഗ് ടൈൽ ഫാക്ടറിയുടെ വിപുലീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | സംസ്ഥാന ബാംബൂ കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന നല്ലളം ഹൈടെക്ക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിയെ കഴിഞ്ഞ രണ്ട് തവണയായി ഉണ്ടായ വെള്ളപ്പൊക്കം സാരമായി ബാധിക്കുകയും അതിലൂടെ അവിടുത്തെ യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത നഷ്ടപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഏകദേശം 27 ലക്ഷം രൂപയുടെ നാശനഷ്ടമാണ് ഇങ്ങനെ ഉണ്ടായിട്ടുള്ളത്. ഈ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ സാമ്പത്തിക നാശനഷ്ടത്തിന്റെ കണക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ ഇതുമായി ബന്ധപ്പെട്ട സഹായങ്ങൾ കോർപ്പറേഷന് ലഭിച്ചിട്ടില്ല. മെഷിനറിയുടെ പ്രവർത്തനങ്ങൾ നടക്കാത്തതുമൂലം ഇപ്പോൾ പ്രവർത്തനം നിലച്ച മട്ടിലാണ്. കോർപ്പറേഷൻ കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടുന്നതിനാൽ ഈ നാശനഷ്ടങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ല. ഈ പ്രതിസന്ധികൾക്കിടയിലും ക്രഷ്ഡ് ബാംബൂ ബോർഡ് നിർമ്മാണത്തിലൂടെ പുതിയ ബാംബൂ ഫ്ളോറിംഗ് ടൈലുകൾ കുറഞ്ഞ ചിലവിൽ നിർമ്മിച്ച് ഇവ മാർക്കറ്റിൽ വില്പന നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ നടത്തി വരികയാണ്. നല്ലളത്ത് ഫ്ളോറിംഗ് ടൈൽ ഫാക്ടറിയുടെ കീഴിൽ പ്രവർത്തിക്കുന്ന മാനന്തവാടി, പാലക്കാട്, |

നാദാപുരം എന്നീ ഫീഡർ യൂണിറ്റുകളിൽ കുടുംബശ്രീയുടെ സഹകരണത്തോടെ ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി ഓഫീസ് ആവശ്യങ്ങൾക്കാവശ്യമായ പ്രകൃതി സൗഹാർദ്ദ വസ്തുക്കളുടെ ഉല്പാദനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരികയാണ്.

2018-19 സാമ്പത്തിക വർഷം നാഷണൽ ബാംബൂ മിഷൻ അംഗീകരിച്ച പദ്ധതികളിൽ ബാംബൂ കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം നല്ലളത്തെ ബാംബൂ ഹൈടെക് ഫ്ളോറിംഗ് ടൈൽ ഫാക്ടറിയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ മുള സംസ്കരണ യൂണിറ്റ്, ലൈവ്‌ലിഹുഡ് ബിസിനസ്സ് ഇൻകുബേറ്റർ, മുള മാലിന്യ പ്രാഥമിക സംസ്കരണ യൂണിറ്റ്, ഫർണിച്ചർ നിർമ്മാണ യൂണിറ്റ്, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ